പദ്ധതികളൊന്നും ഇപ്പോൾ നിലവില്ല. എന്നാൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 'അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് സ്കീം' പ്രകാരം അടച്ചു തീർത്ത മുതലിന്റെ 5% തുക ആശ്വാസമായി അനുവദിക്കുന്നുണ്ട്. അതു പോലെ കാലാകാലങ്ങളിൽ സഹകരണ മേഖലയിൽ നടത്തുന്ന കുടിശ്ശിക നിവാരണ യജ്ഞമാസ കാലയളവിൽ അടച്ചു തീർക്കുന്ന കുടിശ്ശികയിന്മേൽ അംഗങ്ങൾക്ക് പിഴപ്പലിശ ഇളവ് നൽകുന്ന കാര്യം അതാത് സംഘങ്ങളുടെ ഭരണസമിതികൾക്ക് തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രി

126 (294) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ബാലറാം:
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ:
ശ്രീമതി രാധാ രാഘവൻ :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ചുമതല എസ്എൻ.സി. ലാവലിൻ എന്ന കമ്പനിക്കാണോ ;

(സി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണ ജോലികൾക്ക് എസ്.എൻ.സി ലാവലിൻ എത്ര തുക ഇതേവരെ മുടക്കിയിട്ടുണ്ട് എന്ന് അറിയിക്കാമോ ;

(ഡി) സംസ്ഥാന സർക്കാർ ഈ സംരംഭത്തിന് ഇതേവരെ എത്ര തുക മുടക്കിയിട്ടുണ്ട് ;

(ഇ) എസ്.എൻ.സി. ലാവലിൻ ഏതൊക്കെ ഏജൻസികളിൽ നിന്നാണ് ഇതിനുള്ള തുക സമാഹരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ;

(എഫ്) ഓരോ ഏജൻസിയുടെ വിഹിതം എത്രയാണ് ;

(ജി) ഈ ഏജൻസികൾ ഈ സംരംഭത്തിന് പണം മുടക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് ഗവൺമെന്റിനറിവുണ്ടോ ;

(എച്ച്) അത് സംബന്ധിച്ച് ഗവൺമെന്റിലെ ഏതെല്ലാം തലങ്ങളിൽ ചർച്ച നടന്നിട്ടുണ്ട്; കരാർ വല്ലതും ഒപ്പു വച്ചിട്ടുണ്ടോ ;

(ഐ) എസ്.എൻ.സി. ലാവലിൻ എന്ന കമ്പനിയെ ഇതിന്റെ ചുമതല ഏല്പിക്കുന്നതിനുള്ള തീരുമാനം ഏതു തലത്തിലാണെടുത്തത് ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) എസ്.എൻ.സി. ലാവലിൻ ഒരു ജീവകാരുണ്യ പ്രവർത്തനം നടത്തുന്ന സംഘടനയാണോ എന്ന് വ്യക്തമാക്കാമോ ;

(കെ) ഈ കമ്പനി കരാർ പണികൾ ഏറ്റെടുത്ത് നടത്തുന്ന കമേഴ്സ്യൽ സ്ഥാപനമാണെന്ന് ഗവൺമെന്റിനറിവുണ്ടോ ;

(എൽ) ഈ കമ്പനി നടത്തിയതായി ആരോപിക്കപ്പെട്ട ക്രമക്കേട് സംബന്ധിച്ച് സംസ്ഥാനത്ത വിജിലൻസ് അന്വേഷണം നിലവിലുള്ളതായി അറിവുണ്ടോ ?

ഉത്തരം

(എ) തലശ്ശേരിയിൽ സ്ഥാപിക്കുന്ന ക്യാൻസർ ആശുപത്രിയുടെ കെട്ടിടങ്ങൾ നിർമ്മിക്കുന്ന ജോലികൾ പുരോഗതിയിലാണ്.

(ബി) നിർമ്മാണ ജോലികൾ നടത്തുന്നത് എസ്.എൻ.സി. ലാവലിൻ ആണ്.

(സി) നിർമ്മാണ ജോലികൾക്കായി ഉദ്ദേശം 310 ലക്ഷം രൂപയുടെ കരാറുകൾ നൽകികഴിഞ്ഞു.

(ഡി) സംസ്ഥാന സർക്കാർ ഇതുവരെ 160 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഇ) കാനഡ സർക്കാർ, ഇവിടെയുള്ള പ്രവിശ്യാ സർക്കാരുകൾ സിഡ ഉൾപ്പെടെയുള്ള മറ്റു വിവിധ ഏജൻസികൾ എന്നിവയിൽ നിന്നുമാണ് സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നത്.

(എഫ്) ധനസഹായം സ്വരൂപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗതിയിലാണ്.

(ജി) കനേഡിയൻ ഗവൺമെന്റ് സാമൂഹ്യ സേവന രംഗത്ത് നൽകി വരുന്ന ഗ്രാന്റിന്റെ ഭാഗമായാണ് ഈ സഹായം ലഭ്യമാക്കുന്നത്.

(എച്ച്) സർക്കാരിൽ മുഖ്യമന്ത്രി, വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി തലങ്ങളിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്. കരാർ ഒപ്പ് വച്ചിട്ടില്ല.

(ഐ) കേരള സർക്കാരും എസ്.എൻ.സി. ലാവലിനും തമ്മിലുള്ള ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണ ജോലികൾ നടത്തുന്നത്.

(ജെ) അറിവില്ല.

(കെ) ഈ കമ്പനി കരാർ പണികൾ ഏറ്റെടുത്തു നടത്തുന്നുണ്ട്.

(എൽ) ഉണ്ട്.

കൂത്തുപറമ്പ് ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനങ്ങൾ

127 (295) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ക്യാൻസർ ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly